കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ, നെൽവയൽ-നീർത്തട സംരക്ഷണ നിയമമനുസരിച്ച് വില്ലേജുതലത്തിൽ മാത്രമല്ല, പഞ്ചായത്തുതല കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ, സംസ്ഥാനതല കമ്മിറ്റികൾ എന്നിവയിൽ സംസ്ഥാനതല കമ്മിറ്റിയും ജില്ലാതല കമ്മിറ്റിയും രൂപീകരിച്ച് വിജ്ഞാപനമായിട്ടുണ്ട്. എറണാകുളം ജില്ലയിൽ പഞ്ചായത്തുതല കമ്മിറ്റികളുടെ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു ജില്ലകളുടെ വിജ്ഞാപനത്തിനുവേണ്ടിയുള്ള ഗസറ്റ് നോട്ടിഫിക്കേഷനുവേണ്ടി കളക്ടർമാർ ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്. അത് പരിശോധിച്ച് പതിനഞ്ച് ദിവസങ്ങൾക്കകം അതിന്റെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(21) താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

ശ്രീ. വി. ശശികുമാർ: സർ, പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. 1961-ലെ കണക്കനുസരിച്ചുള്ള ബഡ് സ്ട്രെങ്ത്തിന് അനുസരിച്ചാണ് അവിടെ ജീവനക്കാരെ നിശ്ചയിച്ചിട്ടുള്ളത്. പുതിയ നിയമം വന്നതിനുശേഷം ഡോക്ടർമാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായെങ്കിലും നേഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും കാര്യത്തിൽ വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ജില്ലയിലെ മറ്റ് താലൂക്കാശുപത്രികളിലുള്ള അവസ്ഥപോലും പെരിന്തൽമണ്ണ താലൂക്കാശുപത്രിയിൽ വന്നിട്ടില്ല. ചുരുങ്ങിയത് 225 രോഗികളെയെങ്കിലും അഡ്മിറ്റ് ചെയ്യുന്നുണ്ട്. നല്ലൊരു ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നുണ്ടെന്ന് മാത്രമല്ല, ഏകദേശം 1500-2000 വരെ ഒ.പി. യും വരുന്നുണ്ട്. ഈ ഒരു സാഹചര്യത്തിൽ നേഴ്സുമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തോത് വർദ്ധിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പിലാക്കുന്നതിനുമുമ്പ് അവിടെ 12 ഡോക്ടർമാരുടെ തസ്തികയാണ് ഉണ്ടായിരുന്നത്. പക്ഷേ, ഇപ്പോൾ അത് 23 ആയി ഉയർന്നിട്ടുണ്ട്. വലിയൊരു ആശുപത്രിയാണെങ്കിലും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസേഴ്സിന്റെ തസ്തികയും 24 മണിക്കൂറും പ്രവർത്തിക്കുന്ന സി.എം.ഒ. പോസ്റ്റും ഇപ്പോഴാണ് ഉണ്ടാക്കിയിട്ടുള്ളത്. ഇപ്പോൾ അവിടെ 20 ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇനി മൂന്ന് പേരുകൂടി വരാനുണ്ട്. എന്നാൽ അവിടെ ജോലി ചെയ്യുന്ന 62 പേരും-നേഴ്സിംഗ് സൂപ്രണ്ട്, ഹെഡ് നേഴ്സ്, സ്റ്റാഫ് നേഴ്സ്, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II, ഗ്രേഡ് I എന്നിവർ അവിടെ ജോലി ചെയ്യുന്നുണ്ടെന്ന് വളരെ അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. നേഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തുടങ്ങിയ അഡീഷണലായി നിലനിൽക്കുന്ന സാങ്ഷൻഡ് പോസ്റ്റിൽ മുഴുവനായി അവിടെ ആളുകൾ ജോലി ചെയ്യുന്നുണ്ട്. അഡീഷണലായി 13 പേരും അവിടെ ജോലി ചെയ്യുന്നുണ്ട്. പക്ഷേ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ഒരു വസ്തുതയുണ്ട്. 1961-ൽ

LIBRARY ARCHIVES Kerala Legislative Assembly

ജനസംഖ്യ വളരെ കുറവാണ് അന്നത്തെ ജനസംഖ്യ അനുസരിച്ചുള്ള സ്റ്റാഫ് പാറ്റേണാണ് ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് എല്ലാ ആശുപത്രികളിലും ഇന്ന് നിലനിൽക്കുന്നത്. ജനങ്ങളും രോഗങ്ങളും വർദ്ധിച്ചു. പ്രത്യേകിച്ച് സർക്കാർ ആശുപത്രികളിലെ രോഗികളുടെ എണ്ണവും വർദ്ധിക്കുകയാണ്. ഇപ്പോൾ പെരിന്തൽമണ്ണയിലെ പല പ്രൈവറ്റ് ആശുപത്രികൾക്കും വെല്ലുവിളിയായി പെരിന്തൽമണ്ണ താലൂക്ക് ആശുപത്രി ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ആശുപത്രിയിലുള്ള രോഗികൾക്കനുസൃതമായി നേഴ്സുമാരുടെ സ്റ്റാഫ് പാറ്റേൺ മാറ്റുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുണ്ട്. അത് പരിഗണിക്കുന്ന മുറയ്ക്ക് അടുത്ത നടപടികൾ സ്വീകരിക്കാം.

(22) കൊപ്പം ഗവൺമെന്റ് ഹൈസ്ക്കൂളുകളിൽ പ്ലസ് ടൂ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. സി. പി. മുഹമ്മദ്: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കൊപ്പം അനുദിനം വളർന്നുവരുന്ന ഒരു നഗരപ്രദേശമാണ്. ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ മാത്രമേയുള്ളൂ. അവിടെ വൊക്കേഷണൽ ഹയർ സെക്കന്ററിയുടെ കോഴ്സ് മാത്രമാണുള്ളത്. 3000 കുട്ടികൾ അപേക്ഷിച്ചാൽ പത്തിലൊന്ന് പേർക്കും പ്ലസ് ടൂ പ്രവേശനത്തിന് വഴിയില്ല. തൃശൂർ മുതൽ പുതിയ പ്ലസ് ടൂ കോഴ്സുകൾ അനുവദിച്ചതിന്റെ മാനദണ്ഡമെന്താണെന്ന് എനിക്കറിയില്ല. പ്ലസ് ടൂ പ്രവേശനമില്ലാതെ വഴിയാധാരമായി നടക്കുന്ന ആയിരക്കണക്കിന് കുട്ടികളുടെ എണ്ണമാണ് മാനദണ്ഡമെങ്കിൽ അങ്ങ് ആദ്യം അനുവദിക്കേണ്ടത് കൊപ്പം ഹൈസ്കൂളിലാണ്. വൊക്കേഷണൽ ഹയർ സെക്കന്ററിയുള്ളിടത്ത് പ്ലസ് ടൂ അനുവദിക്കുന്നില്ല എന്ന് അങ്ങയുടെ ഓഫീസിൽ നിന്നും അറിയാൻ കഴിഞ്ഞു. പക്ഷേ, പല സ്കൂളികളിലും അനുവദിച്ചതായി കാണാൻ കഴിഞ്ഞു. കൊപ്പം ഹൈസ്കൂളിൽ പ്ലസ് ടൂ അനുവദിച്ചില്ലെങ്കിൽ ഒരുപാട് കുട്ടികളുടെ സ്ഥിതി വളരെ ദയനീയമായിരിക്കും. അത് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം പരിശോധിക്കുന്നതാണ്. അതേസമയം സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് 178 ഹയർ സെക്കന്ററി സ്കൂളുകൾ പുതിയതായി ഈ ഗവൺമെന്റ് അനുവദിച്ചിരിക്കുകയാണ്. കർശനമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് അനുവദിച്ചിട്ടുള്ളത്. അതിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ജില്ലയിൽ ഒരെണ്ണം, അങ്ങനെയുള്ള യാതൊരു പരിഗണനകളും ഉണ്ടായിട്ടില്ല. ആവശ്യമുള്ളതും കുറവുള്ളതും മലബാർ മേഖലയിലാണ്. ആ പരിഗണനയിലാണ് തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ അനുവദിച്ചത്. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഇക്കാര്യത്തിൽ തീരുമാനങ്ങളെടുത്തത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചകാര്യം പരിശോധിക്കുന്നതും മാനദണ്ഡത്തിൽ എന്തെങ്കിലും വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്തുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly